## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 370 — 23.01.2018 — ൽ മറുപടിക്ക്

# കോട്ടക്കലിലെ രാങ്ങാട്ടൂരിൽ റേഷൻ ഷോപ്പ്

| ചോദ്യം | | ഉത്തരം |
|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) കോട്ടക്കൽ മണ്ഡലത്തിലെ രാങ്ങാട്ടൂർ എന്ന സ്ഥലത്ത് റേഷൻ ഷോപ്പ് അനുവദിക്കുവാൻ സിവിൽ സപ്ലൈസ് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് വകുപ്പ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും | മലപ്പുറം ജില്ലയിൽ കോട്ടക്കൽ മണ്ഡലത്തിലെ രാങ്ങാട്ടൂർ എന്ന സ്ഥലത്ത് പുതിയ റേഷൻ കട അനുവദിക്കുന്നതിനായി മലപ്പുറം ജില്ലാ കളക്ടർ 08.03.16 ൽ റിപ്പോർട്ട് സമർപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 18.07.16 ൽ സർക്കാരിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച്, റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് നടപ്പിലാക്കിയതിനു ശേഷം പുതിയ റേഷൻകടകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. |
| (ബി) സർക്കാരിൽ നിലവിലുള്ള ഫയലിൽ എന്തൊക്കെ നടപടികളാണ് ഇനി പൂർത്തിയാക്കേണ്ടതെന്നറിയിക്കുമോ; | | |
| (സി) റേഷൻ കാർഡ് വിതരണം പൂർത്തിയാക്കുന്ന മുറയ്ക്ക് രാങ്ങാട്ടൂർ റേഷൻ ഷോപ്പ് അനുവദിക്കാമെന്ന വകുപ്പിന്റെ തീരുമാനം നടപ്പിലായിട്ടുണ്ടോയെന്നറിയിക്കുമോ ; | | |
| (ഡി) രാങ്ങാട്ടൂർ റേഷൻ ഷോപ്പ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ? | | |

*സെക്ഷൻ ഓഫീസർ*